പാലക്കാട്	6
മലപ്പുറം	11
കോഴിക്കോട്	2
വയനാട്	3
കണ്ണൂർ	3
കാസർഗോഡ്	4

(സി) 11 പേരെ അയോഗ്യരാക്കിയിട്ടുണ്ട്

തിരുവനന്തപുരം	2
കൊല്ലം	1
ആലപ്പുഴ	1
ഇടുക്കി	3
എറണാകുളം	2
മലപ്പുറം	1
കോഴിക്കോട്	1

പഞ്ചായത്തുകൾക്കുള്ള സ്വരാജ് ട്രോഫി

18(398) ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകൾക്കുള്ള സ്വരാജ് ട്രോഫി ഏതുവർഷമാണ് ഏർപ്പെടുത്തിയത് ;

(ബി) ഇത് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(സി) സംസ്ഥാനത്തിൽ ഏറ്റവും നല്ല പഞ്ചായത്തുകളായി, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തെരഞ്ഞെടുത്ത പഞ്ചായത്തുകൾ ഏതെല്ലാം ;

(ഡി) പ്രസ്തുത പഞ്ചായത്തുകൾ ഭരിക്കുന്നത് ഏത് കക്ഷിയാണ് ;

(ഇ) ഈ ട്രോഫി നൽകുന്നത് സംബന്ധിച്ച് ഹൈക്കോടതി വിധി ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1995-96 മുതൽ ട്രോഫി നൽകുന്നുണ്ട്. എന്നാൽ സ്വരാജ് ട്രോഫി എന്ന പേരിൽ 1996-97 മുതലാണ് നൽകുന്നത്.

(ബി) ജനകീയാസൂത്രണ പദ്ധതി പ്രകാരം ലഭിച്ച ഫണ്ട് വിനിയോഗം, നേട്ടങ്ങൾ, പ്രവർത്തനങ്ങൾ, ഗ്രാമസഭാപങ്കാളിത്തം, നികുതി പിരിവിലെ നേട്ടം ട്രാൻസ്ഫേർഡ് ഫണ്ട് വിനിയോഗം, സാമൂഹ്യസുരക്ഷിതത്വ പെൻഷൻ അപേക്ഷകളിൻമേൽ തീർപ്പുകൽപ്പിക്കൽ, വിവിധ പ്രവർത്തനങ്ങളിലെ ജനകീയ പങ്കാളിത്തം, ഭൗതികനേട്ടങ്ങൾ, നൂതന പദ്ധതികളുടെ ആവിഷ്ക്കാരം തുടങ്ങിയവയെ അടിസ്ഥാനമാക്കിയാണ് മാനദണ്ഡങ്ങൾ നിശ്ചയിച്ചുവരുന്നത്.

(സി) കഞ്ഞിക്കുഴി (1995-96)

വള്ളിക്കുന്ന് (1996-97)

പീലിക്കോട് (1997-98)

തിരുമാറാടി (1998-99) എന്നീ പഞ്ചായത്തുകൾ.

(ഡി) കഞ്ഞിക്കുഴി	സി. പി. എം. അംഗമായ പഞ്ചായത്ത് പ്രസിഡന്റ്
വള്ളിക്കുന്ന്	സി. പി. എം. അംഗമായ പഞ്ചായത്ത് പ്രസിഡന്റ്
പീലിക്കോട്	സി. പി. എം. അംഗമായ പഞ്ചായത്ത് പ്രസിഡന്റ്
തിരുമാറാടി	എൽ.ഡി. എഫ്. (ത്വ).

(ഇ) 1998-99-ൽ സംസ്ഥാനത്തിൽ മികച്ച പഞ്ചായത്തായി തെരഞ്ഞെടുക്കപ്പെട്ട തിരുമാറാടി. കോട്ടയം ജില്ലയിലെ മികച്ച പഞ്ചായത്തായി തെരഞ്ഞെടുക്കപ്പെട്ട എലിക്കുളം, പൂഞ്ഞാർ-തെക്കേക്കര, കല്ലറ എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് സ്വരാജ് ട്രോഫി അവാർഡ് നൽകുന്നത് റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വെള്ളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എൻ. എം. താഹ 1-6-2000-ൽ 15403/2000 നമ്പരായി ഒരു ഒ.പി. ബഹു: ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ പഞ്ചായത്തുകൾക്ക് നൽകുന്ന സ്വരാജ്ട്രോഫി കോടതിയുടെ അന്തിമ വിധിക്ക് വിധേയമായിരിക്കുമെന്ന് ബഹു:കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്.

ത്രിതല പഞ്ചായത്തുകളിലെ പ്രവർത്തനങ്ങളിലെ ന്യൂനതകൾ

19(399) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly